# ചർച്ച് ന്യൂസ്

സി.എസ്.ഐ. കാട്ടാക്കട
ദക്ഷിണ കേരള മഹായിടവക (എസ്.ഐ.യു.സി)

Vol: 4 No:3
website: www.csikattakada.in
e-mail: csikattakada@gmail.com
ആഗസ്റ്റ് 2015

സ്വാതന്ത്ര്യദിനാശംസകൾ



ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയാൽ നിങ്ങൾ
അനുഗ്രഹിക്കപ്പെട്ടവരാകുന്നു (സങ്കി:115:15)

GOVT. OF INDIA
916 BIS
HALLMARKED JEWELLERY

നെയ്യാറ്റിൻകര
പെരേപ്പാടൻസ് ഗോൾഡ് പാർക്കിൽ
ഇപ്പോൾ അന്താരാഷ്ട്ര ഗോൾഡ്
ഷോപ്പിംഗ് അനുഭവം




| കല്യാണപാർട്ടികൾക്ക് ഉത്പാദന വിലമാത്രം | എല്ലാ പർച്ചേസിനും ആകർഷകമായ സമ്മാനങ്ങൾ | ഏറ്റവും കുറഞ്ഞ പണിക്കൂലി |
|---|---|---|

പെരേപ്പാടൻസ്
100% 916 ജ്വല്ലറി
ഗോൾഡ് പാർക്ക്

സ്വദേശാഭിമാനി പാർക്കിന് സമീപം, കൃഷ്ണൻ കോവിൽ ജംഗ്ഷൻ, നെയ്യാറ്റിൻകര. Ph: 0471-3001551

| കൊട്ടാരക്കര | നെടുമങ്ങാട് | കരുനാഗപ്പള്ളി | പയ്യന്നൂർ |
|---|---|---|---|
| Ph: 0474 - 3223637 | Ph: 0472 - 3201993 | Ph: 0476 - 2624599 | Ph: 0498 - 5208418 |

Head Office : Thrissur

ഈ പരസ്യവുമായി ഗോൾഡ് പാർക്കിന്റെ കേരളത്തിലെ ഏതെങ്കിലും ശാഖകളിൽ നിന്ന് സ്വർണ്ണാഭരണങ്ങൾ വാങ്ങുന്നവർക്ക് പ്രത്യേക ഡിസ്കൗണ്ട് ലഭിക്കുന്നതാണ്.

സി.എസ്.ഐ.കാട്ടാക്കട

# ചർച്ച് ന്യൂസ്

**Vol: 4 No:3**

**ആഗസ്റ്റ് 2015**

Website: www.csikattakada.in
E-mail: csikattakada@gmail.com
Phone: 0471-2290544, 0471-2293617

## ഇടവകക്കമ്മിറ്റി അംഗങ്ങൾ

| | |
|---|---|
| റവ. ആർ.എസ്.സുരേഷ്കുമാർ | 9995364451 |
| റവ.സജി.എൻ.സ്റ്റുവർട്ട് | 8281620414 |
| ബ്രൈറ്റ്സിംഗ്.ബി (സെക്രട്ടറി) | 9495302818 |
| ബിനു.ജി.ആർ (അക്കൗണ്ടന്റ്) | 9895154173 |
| ഗ്ലാഡ്സൺ.എൻ | 9349992466 |
| ജനറ്റ്.ഡി | 9539822062 |
| ജീവൻ.എസ്.ജോയ് | 9633356393 |
| മിഖായേൽ.പി | 9446752853 |
| മോഹനദാസ്.ഡി | 9496658401 |
| റസലമ്മാൾ.ഇ | 9446173387 |
| ഷിബി.ഇ | 9895315202 |
| സൈറസ്.റ്റി | 2292433 |
| വിമൽരാജ്.ആർ | 8547492327 |

## എഡിറ്റോറിയൽ ബോർഡ്

റവ. ആർ.എസ്.സുരേഷ്കുമാർ
റവ.സജി.എൻ.സ്റ്റുവർട്ട്
ജെ.രത്നരാജ്
(എഡിറ്റോറിയൽ ബോർഡ് അഡ്വൈസർ)
ബി.ബ്രൈറ്റ്സിംഗ്
മോഹനദാസ്.ഡി
സോഫിയ.എസ്.ഡി
ജിജിക്കുഞ്ഞ്.സി
റോസിൻജാവർട്ട്.ജെ
ബിനു.ജി.ആർ (കൺവീനർ)
റ്റി.എൽ. സത്യരാജ്(എഡിറ്റർ)

വിൽസ്രാജ് (കപ്യാർ) 9446564482

## ഉള്ളടക്കം

Pastor's view — 5
*റവ.ആർ.എസ്.സുരേഷ്കുമാർ*

ഗാനം — 6
*എബിൻ.ബി.എസ്*

ബ്ലാക്ക് ആന്റ് വൈറ്റ് — 7
*റവ.സജി.എൻ.സ്റ്റുവർട്ട്*

വാർത്തകൾ, അറിയിപ്പുകൾ — 9

പ്രധാന പ്രോഗ്രാമുകൾ — 12

പിശാചിന്റെ തന്ത്രങ്ങളെ തിരിച്ചറിയുക — 15
*സത്യരെജി.ജി.എസ്*

പൊതുവിജ്ഞാനം — 18
*ബിനു.ജി.ആർ*

## ചർച്ച് ന്യൂസ് വരവ്–ചെലവ്

ജൂലൈ 2015

**വരവ്**

| | |
|---|---|
| ഡോ.കെ.ആർ.സെജിൻ ചന്ദ്രൻ | 2000 |
| ഷിബി.ഇ, മഹനീയം | 500 |
| സ്കിന്നർ, കാട്ടാക്കട | 1000 |
| രതീഷ്കുമാർ, ഉടയാൻകുഴി | 1000 |
| സ്റ്റീഫൻസൻ,നെടുവത്താൻകുഴി | 200 |
| ആകെ വരവ് | 4700 |

**ചെലവ്**

| | |
|---|---|
| കളർപേജ് ഡിസൈനിംഗ് | 500 |
| പ്രിന്റിംഗ് | 5500 |
| ആകെ ചെലവ് | 6000 |

Published by CSI Kattakada
(For private circulation only)
Printed at C.S.Offset Kattakada
Colour Pages: Click digital Studio

## എഡിറ്റോറിയൽ

നമ്മുടെ രാജ്യം സ്വാതന്ത്ര്യത്തിന്റെ 68-ാമത് വാർഷികം ആഘോഷിക്കുകയാണ്. സ്വതന്ത്രഭാരതം ഈ നാളുകളിൽ വ്യത്യസ്ത തലങ്ങളിൽ കൈവരിച്ച നേട്ടങ്ങൾ നിസ്സാരങ്ങളല്ല. നേട്ടങ്ങൾ എല്ലാംതന്നെ സാധാരണക്കാരന്റെ ജീവിത നിലവാരത്തെ കാണാതെയുള്ളതാണ്. വികസനം വച്ചുനീട്ടി ജനത്തെ വിഢ്ഢികളാക്കുന്ന നേതൃത്വങ്ങൾ. സാമൂഹ്യ നീതിയും മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളും ഉറപ്പുവരുത്തുന്ന ഭരണത്തിനുമാത്രമേ സാധാരണക്കാരന്റെ കണ്ണുനീർ കാണാനാവുകയുള്ളൂ. കർത്താവ് കാണിച്ചുതന്നതും അതുതന്നെയാണ്. സഭയും ഈ നന്മയുടെ ഭാഗമായി മാറണം. അപ്പോൾ മാത്രമേ "മാനുഷരെല്ലാരും ഒന്നുപോലെ" ആമോദത്തോടെ വസിക്കുന്ന മാവേലിക്കാല അനുഭവത്തിലെത്തുകയുള്ളൂ! ഓണം വരവായി!!

പത്രാധിപസമിതിക്കുവേണ്ടി,
സോഫിയ.എസ്.ഡി

## ഈ മാസം വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നവർ



20.8.2015 (വ്യാഴം) ജീന, ചോലയിൽ
24.8.2015 (തിങ്കൾ) ജസ്റ്റിൻജോബി, ചാമവിള
26.8.2015 (ബുധൻ) ആൻസി.എം.രാജ്, രാജ്ഭവൻ
27.8.2015 (വ്യാഴം) ഷൈനി.ജി.ആർ, ഇമ്മാനുവേൽ

| വരവ് – ചെലവ് ജൂൺ 2015 | സഭ | മിഷണറി ഫണ്ട് | ഗാർഡൻ ഫണ്ട് | പൂവർ ഫണ്ട് | പാലിയേറ്റീവ് കെയർ |
|---|---|---|---|---|---|
| വരവ് (മുൻ നീക്കിയിരിപ്പുൾപ്പെടെ) | 198282 | 107062 | 10766 | | 33300 |
| ചെലവ് | 187392 | 111000 | 3170 | | 98192 |
| നീക്കിയിരിപ്പ് | 10890 | – | 7596 | | – |
| അധികചെലവ് | – | 3938 | – | | 64892 |





## Pastor's view

കർത്താവിൽ പ്രീയരെ,

ദൈവം നൽകിയ നൻമ ഓർത്ത് ദൈവത്തിന് സ്തോത്രം ചെയ്യാം. "അബ്രാമേ, ഭയപ്പെടേണ്ട; ഞാൻ നിന്റെ പരിചയും നിന്റെ അതിമഹത്തായ പ്രതിഫലവും ആകുന്നു." (ഉൽപ്പത്തി 15:1)

ഒരു ക്രിസ്തീയ വിശ്വാസിയെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ വാഗ്ദത്തവും ദൈവസാന്നിദ്ധ്യവും ജീവിതത്തിൽ അനുഭവിക്കുവാൻ കഴിയുന്നതാണ ജീവിത സാഫല്യം. വിശ്വാസികളുടെ പിതാവായ അബ്രഹാമിനോട് ദൈവം ഈ വാക്ക് പറയുമ്പോൾ അബ്രഹാമിന്റെ വ്യക്തിപരമായ ജീവിതവും, കുടുംബജീവിതവും കുറവുകളുടെ കൂമ്പാരമായിരുന്നു. ദൈവത്തിന്റെ ഈ വാഗ്ദത്തം അബ്രാഹാമിനെ ഉൻമേഷവാനാക്കി. (1) അവന്റെ ആവശ്യം ദൈവത്തോട് പറഞ്ഞു. (2) ദൈവത്തിന്റെ ശബ്ദത്തിന് ശ്രദ്ധവച്ചു. (3) ദൈവസാന്നിദ്ധ്യം ബോദ്ധ്യപ്പെട്ടു. (4) ദൈവത്തിൽ ഉറച്ചു വിശ്വസിച്ചു. അത് അവന് നീതിയായി കണക്കിട്ടു.

നമ്മുടെ ജീവിതത്തിലെ ഏത് തിക്താനുഭവത്തിന്റെ നടുവിലും ദൈവം പരിചയും പ്രതിഫലവും ആണെന്ന് ഉറപ്പായി വിശ്വസിച്ചുകൊണ്ട് ആവശ്യങ്ങളെ ദൈവസന്നിധിയിൽ സമർപ്പിച്ച് ഹൃദയം ഏകാഗ്രമാക്കി, ദൈവീക ആലോചന അംഗീകരിച്ച്, വിശുദ്ധിയിൽ ജീവിക്കുമ്പോൾ ദോഷങ്ങൾ, ശാപങ്ങൾ, അനർത്ഥങ്ങൾ നീങ്ങി നൻമ അനുഭവിക്കാൻ നമുക്ക് കഴിയും. ആരാധിക്കുന്ന ജനമാണ് ദൈവീക വാഗ്ദത്തത്തിന്റെ സന്ദേശവാഹകർ. ആരാധിക്കുന്ന ജനത്തിനാണ് ദൈവം വെളിപ്പാടുകൾ നൽകുന്നത്. ആരാധിക്കുന്ന ജനമാണ് ഭാവിതലമുറയുടെ നൻമയ്ക്ക് നിർണ്ണായകമായ നേതൃത്വം നൽകുന്നത്. ആരാധിക്കുന്ന ജനത്തിന് മറ്റുള്ളവരുടെ ആവശ്യങ്ങളിൽ ക്രിയാത്മകമായി ഇടപെടാൻ കഴിയും. ഒരാളുടെ ജീവിത ആവശ്യത്തിൽ സാന്ത്വനമായി സഹായമായി എത്തുന്ന ഒരു

വിശ്വാസി, യേശുവിന്റെ സാന്നിദ്ധ്യം അവന് നൽകുന്നു. അതാണ് ക്രിസ്തീയ ദൗത്യം. അബ്രഹാമിന് പരിചയും പ്രതിഫലവുമായ ദൈവം നമ്മിലൂടെ മറ്റനേകരുടെ പരിചയും പ്രതിഫലവുമാകാൻ കൃപ പകരട്ടെ.


സഭയുടെ വളർച്ച, മിഷനറി ദൗത്യം, സാധുജനക്ഷേമം, സാന്ത്വന ശുശ്രൂഷ, ആരാധനകൾ, പരസ്പരബന്ധങ്ങൾ ഇവയിലെല്ലാം എല്ലാവരുടെയും കഴിവിനനുസരിച്ചുള്ള പങ്കാളിത്തം ഉറപ്പുവരുത്തിയിരുന്നു എങ്കിൽ ഇപ്പോഴുള്ളതിന്റെ അഞ്ചിരട്ടികാര്യങ്ങൾ തൃപ്തികരമായി ചെയ്യാൻ കഴിയുമായിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. സഭാ-കേന്ദ്രീകൃതമായ ഒരു വളർച്ചയാണ് എല്ലാ ജനങ്ങളുടെയും സമഗ്രമായ വളർച്ചയ്ക്ക് ആവശ്യം. എങ്കിൽ മാത്രമേ പരസ്പരം കരുതാനും, കൈതാങ്ങാനും കഴിയൂ. സാധ്യതകളുടെ ഏകീകൃത സമന്വയം ജനതയുടെ പൊതുവായ നന്മയ്ക്ക് നിദാനമാകും. യേശുവിന്റെ ശുശ്രൂഷ നമ്മെ ബോദ്ധ്യപ്പെടുത്തുന്നത് അതാണ്. പരിചയും പ്രതിഫലവുമായ ദൈവം ദൈവജനത്തിന്റെ അനുഗ്രഹത്തിന്റെ സന്ദേശ വാഹകരായി നമ്മെ വഴിനടത്തട്ടെ.

ഈ മാസം പുതിയ വയസിലേയ്ക്ക് പ്രവേശിക്കുന്നവരേയും കുടുംബ വാർഷികമുള്ള കുടുംബങ്ങളെയും വാഗ്ദത്ത പ്രകാരം ദൈവം കാക്കുകയും കരുതുകയും ചെയ്യട്ടെ. രോഗികൾ, അപകടത്തിൽപ്പെട്ട് കഴിയുന്നവർ, വാർദ്ധകൃസഹജമായ ക്ഷീണങ്ങളിൽ കഴിയുന്നവർ, കുഞ്ഞുങ്ങൾ, യുവതീയുവാക്കൾ, ജോലിയ്ക്ക് വേണ്ടി പരിശ്രമിച്ചു കൊണ്ടിരിക്കുന്നവർ, മക്കളുടെ വിവാഹം ആഗ്രഹിച്ചിരിക്കുന്ന മാതാപിതാക്കൾ എല്ലാവരെയും ഓർക്കുക, പ്രാർത്ഥിക്കുക. ദൈവം തലമുറയെ സമൃദ്ധിയായി അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനാപൂർവ്വം

റവ. ആർ. എസ്. സുരേഷ്കുമാർ

# പൊന്നു കുയിലേ......



കൂവെടി കുയിലേ
പാടെടി കുയിലേ
കുയിലേ...കുയിലേ
പൊന്നു കുയിലേ

ദൈവഗാനം നിൻ വായിൽ
ദൈവവചനം നിൻ നാവിൽ
നീയും ദൈവത്തിൻ ശിഷ്യയോ?
നീയും ദൈവത്തിൻ ദാസിയോ?


(കൂവെടി)

ദൈവം നിന്നെ കാക്കും
ഇന്നും എന്നും കാക്കും
അവനല്ലോ നിന്നെയും എന്നെയും കാക്കുന്നത്
ഇന്നും എന്നും കാക്കുന്നത്

(കൂവെടി)



എബിൻ.ബി.എസ്



# ബ്ലാക്ക് & വൈറ്റ്

റവ. സജി. എൻ. സ്റ്റുവർട്ട്

**യോഹ. 12:35 b -"ഇരുളിൽ നടക്കുന്നവൻ താൻ എവിടെ പോകുന്നു എന്നു അറിയുന്നില്ലല്ലോ".**

### ആമുഖം

ജൂലൈ മാസം... ജീവിച്ചിരിക്കുന്ന ഒരാൾ കൊല്ലപ്പെടുന്നതിലെ നിസ്സംഗതയും, മരിച്ച ഒരു വ്യക്തിയുടെ ജീവനായി ആഗ്രഹിച്ച ഒരു നിമിഷവും ഒന്നിച്ച് മനസ്സിനെ ആകുലപ്പെടുത്തിയ സമയം. ജീവിച്ചിരുന്ന യാക്കൂബ്മേമൻ എന്ന ഒരു ചാർട്ടേഡ് അക്കൗണ്ടിനെ തൂക്കിക്കൊല്ലണമെന്ന പരമാധികാര കോടതിയുടെ അന്തിമ ഉത്തരവിന്റെ സാക്ഷാത്കാരവും, Dr. A.P.J. Abdul Kalam എന്ന ജനകീയ നേതാവിന്റെ വിടവാങ്ങൽ സൃഷ്ടിച്ച ശൂന്യതയും... രണ്ടുപേരും മിടുക്കൻമാരും പ്രഗത്ഭരും. ഒരാൾ സങ്കുചിത താൽപര്യത്തിനായും മറ്റൊരാൾ പൊതു നൻമയ്ക്കായും പ്രവർത്തിച്ചവർ. കർത്താവു നമ്മെ ഓർമ്മപ്പെടുത്തുകയാണ് ഇരുളിനെയും വെളിച്ചത്തെയും കുറിച്ച്.

### വെളിച്ചത്തിന്റെ മക്കൾ

'വെളിച്ചത്തിന്റെ മക്കൾ' ആകേണ്ടതിന് വെളിച്ചം ഉള്ളേടത്തോളം വെളിച്ചത്തിൽ വിശ്വസിപ്പിൻ. "മങ്ങിയ കാഴ്ചകൾ കണ്ടുമടുത്തു കണ്ണടകൾ വേണം..." എന്ന കവിത മങ്ങിക്കൊണ്ടിരിക്കുന്ന ജീവിത മൂല്യങ്ങളെക്കുറിക്കുന്നു. നമ്മുടെ ജീവിത സാഹചര്യങ്ങളിലും, ക്രൈസ്തവ ദർശനങ്ങൾ സാധ്യമല്ലാത്ത ദർശനങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. ഒട്ടുമുക്കാൽ ഇടത്തിലും പ്രസംഗത്തിലും വാക്പോരുകളിലും ഒതുങ്ങിക്കൂടുന്ന ഒരു വസ്തുതയായി മാത്രം വെളിച്ചത്തിന്റെ ദർശനങ്ങൾ മാറുന്നു. നമ്മുടെ ജീവിതമെല്ലാം മുങ്ങിക്കൊണ്ടിരിക്കുന്ന ഓരോ കപ്പലുകളായി, ശരിയും തെറ്റും

തിരിച്ചറിയുവാൻ കഴിയാത്ത തരത്തിൽ ആയിപ്പോകുന്നു. വെളിച്ചം ഉണ്ട് എന്ന് പറയുകയും വെളിച്ചം ലഭിക്കാതിരിക്കുകയും ചെയ്താൽ വെളിച്ചത്തെ ആരും വിശ്വസിക്കുകയില്ല. അതുപോലെ ദൈവം ഉണ്ട്, ഉണ്ട് എന്ന് പറയുക മാത്രം ചെയ്യാതെ ദൈവീക ഭാവങ്ങളായ സ്നേഹവും സമാധാനവും ജീവിതത്തിലൂടെ നൽകുവാൻ നാം ശ്രമിക്കേണ്ടതാണ്. ദൈവം വെളിച്ചമാണെന്നും, വെളിച്ചത്തിൽ വിശ്വാസിക്കുകയും പ്രവർത്തിക്കുകയും ചെയ്താൽ മാത്രമേ ദൈവസ്നേഹം വെളിപ്പെടുകയുള്ളൂ.

**ഇരുട്ടിന്റെ മക്കൾ**

"ഇരുളിൽ നടക്കുന്നവർ" എവിടേക്കു പോകുന്നു എന്നറിയാതെ നടക്കുന്നു. ഇരുളിന്റെ ഫലങ്ങൾ ഇന്ന് അധികമായിക്കൊണ്ടിരിക്കുന്നു. ഏതൊരു വ്യക്തിയും ഏതു സമയത്തും ഇരുളിൽ വീണു പോകുന്നു. കാഴ്ചയെ കുരുടാക്കിക്കളയുന്ന അവസ്ഥയാണ് ഇരുൾ. കണ്ണുള്ളപ്പോൾ കാഴ്ചയുടെ വില മനസ്സിലാകില്ല എന്നു പറയുന്നത് യാഥാർത്ഥ്യമാണ്. നമുക്ക് നൻമകൾ ചെയ്യാൻ കഴിയുന്ന സാഹചര്യത്തിൽ പലപ്പോഴും നാം ഗൗരവമായി ചെയ്യാറില്ല. അല്പത്തിൽ വിശ്വസ്തനായിരുന്നാൽ മാത്രമേ അധികത്തിന് വിചാരകനാക്കൂ. ചെറിയ ചെറിയ നൻമകളും പ്രവർത്തനങ്ങളും വിശ്വസ്തതയോടെ നിർവ്വഹിച്ചാൽ മാത്രമേ അധികമായ നൻമകൾക്കും പ്രവർത്തനങ്ങൾക്കും അവസരം ലഭ്യമാകുകയുള്ളൂ. ഇന്ന് ഇരുൾ നമ്മെ മൂടുന്നതിന് കാരണം ചെറിയ ചെറിയ തെറ്റുകൾ നമുക്ക് പരിഹരിക്കാൻ കഴിയാത്തതിനാലാണ്. ഏതുതെറ്റിനെയും ശരിയാക്കാനും, ഏതു ശരിയേയും തെറ്റാക്കാനും നാം വിദഗ്ദ്ധരായി മാറിക്കഴിഞ്ഞിരിക്കുന്നു. ആയതിനാൽ നമ്മുടെ യാത്ര എവിടേയ്ക്കാണെന്ന് നാമറിയുന്നില്ല. "എന്നെ കർത്താവേ കർത്താവേ" എന്നു വിളിക്കുന്ന ഏവനുമല്ല എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ സ്വർഗ്ഗ രാജ്യത്തിൽ അവകാശിയാകും".

**ഉപസംഹാരം**

ആരും കാണില്ല എന്നതാണ് ഇരുളിന്റെ പ്രത്യേകത. വെളിച്ചം ഇല്ലാത്തതാണ് ഇരുളിന്റെ ആവേശം. വെളിച്ചം വരുമ്പോൾ ഇരുൾ അസ്തമിക്കുന്നു. ഉദയ സൂര്യനെപ്പോലെ വെളിച്ചം നൽകാൻ നാം ഒരുക്കമാണോ?



# വാർത്തകൾ, അറിയിപ്പുകൾ

## പൂക്കൾ ഉപയോഗിച്ച് വിശുദ്ധാരാധനയിൽ അൾത്താര അലങ്കരിക്കുന്നവർ

02.08.2015 - ശ്രീ. ക്രിസ്തുദാസ് സാരസം & ഫാമിലി, ദീപാകോട്ടേജ്
09.08.2015 - ശ്രീ. ചന്ദ്രൻ & ഫാമിലി, റിയാഭവൻ
16.08.2015 - ശ്രീ. വിജയൻ & ഫാമിലി, ധന്യ, ഓണംകോട്
23.08.2015 - ശ്രീ. വൽസരാജ് & ഫാമിലി, അനിഴം, തിരുമല
30.08.2015 - ശ്രീ. ശോഭനദാസ് & ഫാമിലി, ഷൈൻസ് ഗാർഡൻസ്

## പാലിയേറ്റീവ് കെയർ

ജൂൺ മാസം 52 സാധുക്കൾക്ക് ഭക്ഷണകിറ്റ് വിതരണം ചെയ്തു. ചികിത്സാസഹായമായി 2 പേർക്ക് 1000 രൂപ, 20 പേർക്ക് 500 രൂപ, 5 പേർക്ക് 250 രൂപ എന്നീ ക്രമത്തിൽ നൽകി. പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനങ്ങൾക്കായി ശ്രീ. എം.ജെ. സെൽവനേശൻ ഉഷസ് 50,000 രൂപ സംഭാവനയായി നൽകി. നമുക്കു ചുറ്റുമുള്ള അശരണരെ സഹായിക്കുന്ന ഈ പ്രവർത്തനങ്ങളിൽ സഹകരിക്കുവാൻ താല്പര്യപ്പെടുന്നു.

## വാർഡ് കൺവെൻഷൻ

26.7.2015 ഞായറാഴ്ച വൈകുന്നേരം 6.30 ന് 11-ാം വാർഡിൽ ഉടയാൻകുഴിയിൽ എ.കെ.ഭവനിൽ ശ്രീ. അനിൽകുമാറിന്റെ ഭവനാങ്കണത്തിൽ വെച്ച് 20-ാമത് വാർഡ് കൺവെൻഷൻ നടത്തുകയുണ്ടായി. സി.എസ്.ഐ.പുന്നാവൂർ സഭാശുശ്രൂഷകനായ റവ: എൻ. അജി അച്ചൻ മുഖ്യസന്ദേശം നൽകി. കൺവെൻഷന്റെ വിജയത്തിനായി സർവ്വശ്രീ ഡി. മോഹനദാസ് ടീച്ചർ, പി. സോമൻ, എസ്.സുനി, അനിൽകുമാർ എന്നിവർ പ്രവർത്തിച്ചു.

## അനുമോദനം

സെപ്റ്റംബർ 14 ഞായർ ആരാധനയോടനുബന്ധിച്ച് വിവിധ പരീക്ഷകളിൽ ഉന്നതവിജയം നേടിയവരെയും, വിശിഷ്ട അവാർഡുകൾ കരസ്ഥമാക്കിയവരെയും ആദരിക്കുന്നു. അനുമോദനാർഹർ സർട്ടിഫിക്കറ്റിന്റെ പകർപ്പും, ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും സഭാസെക്രട്ടറിയെ ഏല്പിക്കേണ്ടതാണ്.

## സെമിനാരി വാരം

സെമിനാരി വാരത്തിന്റെ ഭാഗമായി കണ്ണമ്മൂല ഐക്യ വൈദീകസെമിനാരി അധ്യാപകൻ റവ.ഡോ:എ.പി.ജോസഫ് അച്ചൻ 26-7-2015 ഞായർ ആരാധനയിൽ പങ്കെടുത്ത് വചനശുശ്രൂഷ നടത്തി. 11,440 രൂപ സെമിനാരിയുടെ പ്രവർത്തനങ്ങൾക്കായി ഡോർ കളക്ഷൻ മുഖേന ലഭിച്ചു.

12-7-2015 ഞായർ ആരാധനയിൽ ഗിദെയോൻസ് ഇന്റർനാഷണലിനെ പ്രതിനിധീകരിച്ച് ഉറിയാക്കോട് സി.എസ്.ഐ. സഭാംഗമായ ശ്രീ. സതീഷ്കുമാർ മുഖ്യസന്ദേശം നൽകി. 13,121 രൂപ ഡോർകളക്ഷനിലൂടെ ലഭിച്ചു.

## സ്വമേധാ സുവിശേഷയോഗം

ഡിസ്ട്രിക്ട് സ്വമേധാ സുവിശേഷയോഗം 4.8.2015 ഞായറാഴ്ച വൈകുന്നേരം

6.30 ന് കാട്ടാക്കട സി.എസ്.ഐ. ഇടവകയിൽ വെച്ച് നടത്തുന്നു. ഈ യോഗത്തിന് നേതൃത്വം നൽകുന്നത് ബഥനിപുരം സി.എസ്.ഐ-യിലെ പ്രവർത്തകരാണ്. എല്ലാ സഭാജനങ്ങളെയും ഈ സുവിശേഷയോഗങ്ങളിലേക്ക് ക്ഷണിക്കുന്നു.

## സ്ഥിരനിക്ഷേപം

പുവർഫണ്ടിലേക്ക് സീജാനിവാസിൽ പ്രൊഫ. എസ്.കമലമ്മയും കുടുംബവും "പ്രൊഫ.എൻ.രാമചന്ദ്രൻ മെമ്മോറിയൽ ഫണ്ട് "എന്ന പേരിൽ സ്ഥിരനിക്ഷേപം സമർപ്പിക്കുകയുണ്ടായി. മിഷണറി പ്രവർത്തനങ്ങൾക്കായി 50,000 രൂപയും, സാധുക്കളുടെ വിദ്യാഭ്യാസ സഹായത്തിനായി 50,000 രൂപയുമാണ് നൽകിയത്. ഈ തുക മഹായിടവക ട്രഷറിയിൽ നിക്ഷേപിക്കുന്നതും വാർഷികപലിശ പിൻവലിച്ച് അതാത് പ്രവർത്തനങ്ങൾക്കായി ചെലവിടുന്നതുമാണ്.

## സ്ത്രീജന സഖ്യം

- കുടുംബവാരം സെപ്തംബർ 6 മുതൽ 13 വരെ നടത്തുവാൻ തീരുമാനിച്ചു.
- 25-7-2015 ശനിയാഴ്ച വൈകുന്നേരം സ്ത്രീജനസഖ്യത്തിന്റെ നേതൃത്വത്തിൽ ഭവനാരാധന ശ്രീ. മിശിഹാദാസ്, മിശിഹാഭവനിൽ വച്ച് നടന്നു.

## സണ്ടേസ്കൂൾ

- ഡിസ്ട്രിക്ട്തല കലാമത്സരത്തിൽ നമ്മുടെ ഇടവകയ്ക്ക് എ-ഗ്രേഡിൽ ഒന്നാം സ്ഥാനം ലഭിക്കുകയുണ്ടായി. പങ്കെടുത്ത എല്ലാ വിദ്യാർത്ഥികളെയും അഭിനന്ദിക്കുന്നു.
- ക്വസ്റ്റ്യൻ ബാങ്ക് പൂർത്തിയായി വരുന്നു. ഫൺഗെയിം പ്രോഗ്രാമിനോടനുബന്ധിച്ച് ക്വിസ് മത്സരം സംഘടിപ്പിക്കുന്നതാണ്.
- ഓഗസ്റ്റ് 2 ഞായറാഴ്ച യൂണിറ്റ് ടെസ്റ്റ്പേപ്പർ നടത്തുന്നതാണ്.

## ബാലജനസഖ്യം

- 5.7.2015 ഞായറാഴ്ച സഭാതല കലാമത്സരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. വിജയികൾക്ക് അന്നുതന്നെ പ്രോത്സാഹന സമ്മാനങ്ങൾ വിതരണം ചെയ്തു.
- 26.7.2015 ഞായറാഴ്ച ബഥനിപുരം സി.എസ്.ഐ ഇടവകയിൽ നടന്ന ഡിസ്ട്രിക്ട് തല ചിത്രരചന-കാർട്ടൂൺ-പെയിന്റിംഗ് മത്സരത്തിൽ നമ്മുടെ ഇടവകയിൽ നിന്നും 7 വിദ്യാർത്ഥികൾ പങ്കെടുത്തു.
- ആഗസ്റ്റ് 2 ഞായറാഴ്ച ഇടവകതല കായിക മത്സരങ്ങൾ നടത്തുന്നതാണ്.
- ആഗസ്റ്റ് 8 ശനിയാഴ്ച രാവിലെ 8 മണി മുതൽ ഡിസ്ട്രിക്ട്തല കലാമത്സരങ്ങൾ നമ്മുടെ ഇടവകയിൽ വെച്ച് നടത്തുന്നതാണ്.


- **ജൂലൈ മാസം ലഘുഭക്ഷണം സ്പോൺസർ ചെയ്തവർ**

05.07.2015 - ബാലജന സംഘടന.

12.07.2015 - ഷിനോ.എസ്.ജെ, ഷൈൻസ് ഗാർഡൻസ് (ജന്മദിനം പ്രമാണിച്ച്).

19.07.2015 - മീട്ടു.ആർ.ബിനു, പ്രശാന്ത് (ജന്മദിനം പ്രമാണിച്ച്).

26.07.2015 - രജീവദാസ് & ഐഡ, ഐഡാഭവൻ (ഒരു കുഞ്ഞിനെ നൽകി ദൈവം അനുഗ്രഹിച്ചതിനാൽ).



# വിവാഹവാർഷിക ആശംസകൾ

| സർവ്വശ്രീ. | August |
|---|---|
| സദാശിവൻ - അംബിമോൾ, കുറ്റയത്ത് വീട് | 6 |
| ഷെറിൻകുമാർ - ബിജിമോൾ,പാരഗൺഹൗസ് | 12 |
| സോമൻ - സിസിലറ്റ്, കിള്ളി | 14 |
| ശമുവേൽ - തങ്കം, കാന്തള | 17 |
| എഡ്വിൻ - ജയകുമാരി, സ്മിതാഭവൻ | 17 |
| റ്റൈറ്റസ് - സെലസ്റ്റിബായി, നാടുകാണി | 17 |
| ഗോഡ്വിൻ - ധന്യാരാജ്, ഗോഡ്വിൻനിവാസ് | 17 |
| രമേഷ് ചന്ദ്രൻ - സ്മിത.V.S, അരുവിമുഖം | 17 |
| രാജമണി - വസന്ത, പ്ലാവിള | 18 |
| ജസ്റ്റിൻജോൺ - ഷീജ, ചരുവിള | 19 |
| സെൽവദാസ് - സുമംഗല, ചാമവിള | 20 |
| റോബി - ബീന, റോബിഭവൻ, ചാമവിള | 20 |
| സത്യദാസ് - ഉഷ, പ്ലാവിള | 20 |
| ഷിബുജസ്റ്റസ് Tr - സൗമ്യ Tr, കീർത്തനം | 21 |
| സനൽസൈ - അന്നമ്മ, പാരഡൈസ് | 21 |
| വത്സരാജ് - ആശാരാജ്, അനിഴം | 22 |
| കുരിശുമുത്തൻ - ഷീജ, പൂഞ്ഞാകോട് | 23 |
| ശോഭനൻ - ഗിരിജ, ഗീതുഭവൻ | 23 |
| ഡിക്സൻരാജ് Tr - ബുമൈഡിസൂസി Tr, ആരാമം | 24 |
| അജയകുമാർ S.R - സോണിയ, കാരുണ്യ | 24 |
| ജിനിൽജിത്ത് - ജീനാഷെറിൻ,ജീനാകോട്ടേജ് | 25 |
| മധുകുമാർ - മേബൽജാസ്മിൻ, മനീഷ | 26 |
| ജയമോഹനകുമാർ - കുമാരിഷാന്റി,എൽബഥേൽ | 26 |
| വിജയകുമാർഎലിശ - സുജിത, P.K..മന | 26 |
| മാർക്കോസ് - സ്നേഹലത, M.S.ഭവൻ | 26 |
| ജയരാജ് - അനിത, കാര്യോട്ടുകോണം | 26 |
| ബിനുപോൾജെയിൻ - R.S.നീന,കൊറ്റംകുഴി | 26 |
| വിൻസ്കുമാർ എലിശ - ലാജി, P.K.മന | 26 |
| ഡേവിഡ് - രാജപുഷ്പം, സജികോട്ടേജ് | 27 |
| നേശൻ - ഹെബ്സിബ, തച്ചൻകോട് | 27 |
| സുമനം - ശൈലം, വന്ദന, പാലേലി | 28 |
| Prof.എഡ്വിൻവില്യം - റസിലം Tr,കൊച്ചുബഥേൽ | 28 |
| രാജു.ഇ - സലിത, ലിറ്റിൽഭവൻ | 28 |
| റോബിൻസൺ - ജലജാഫ്ളോറൻസ്, അഖിലാഗാർഡൻസ് | 29 |
| വിജയരാജ് - പുഷ്പലീല, ഗീതം | 29 |
| അജിത് - ഷീബ, അജിതഭവൻ | 29 |
| പ്രദീപ് - ദീപ, ജ്യോതിസ്, മുതിയാവിള | 30 |
| ദേവദാസൻ - ആൻലെറ്റ് രാജം,റജിഭവൻ | 31 |
| പ്രശാന്ത് - സൗമ്യ, റാണിഭവൻ | 31 |

## കരിയർ ഗൈഡൻസ് പ്രോഗ്രാം & പി.എസ്.സി. പരീക്ഷാ പരിശീലനം

നമ്മുടെ ഇടവകയിലെ എല്ലാ കുടുംബങ്ങളിലും കുറഞ്ഞത് ഒരാൾക്കെങ്കിലും പി.എസ്.സി/യു.പി.എസ്.സി തുടങ്ങിയവ മുഖാന്തിരം സ്ഥിരമായൊരു സർക്കാർ ഉദ്യോഗം ലഭിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനു വേണ്ടി യുവജന സംഘടനയുടെ നേതൃത്വത്തിൽ കരിയർ ഗൈഡൻസ് പ്രോഗ്രാം വിജയകരമായി നടന്നു വരുന്നു. ഞായർ, വ്യാഴം ദിവസങ്ങളിലൊഴികെ എല്ലാ ദിവസവും വൈകുന്നേരം 6.30 മുതൽ 8.30 വരെ, വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നു. എല്ലാ യുവതീ-യുവാക്കളും ഈ അവസരം പ്രയോജനപ്പെടുത്തുന്നതിനും, പ്രാർത്ഥനയോടെ ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കാനും അഭ്യർത്ഥിക്കുന്നു.




# പ്രധാന പ്രോഗ്രാമുകൾ

## ആഗസ്റ്റ് 2015

| | | | | |
|---|---|---|---|---|
| 2 | ഞായർ | 8.00 | AM | വിശുദ്ധ തിരുവത്താഴ ആരാധന |
| | | 11.00 | AM | വികസന കമ്മിറ്റി |
| | | 12.00 | PM | കരിയർ ഗൈഡൻസ് പ്രോഗ്രാം-കമ്മിറ്റി |
| | | 6.30 | PM | ഭവനാരാധന (ശ്രീ.സോമൻ, എസ്.എസ്.ഭവൻ) |
| 6 | വ്യാഴം | 6.00 | PM | മിഷണറി കമ്മിറ്റി |
| | | 7.00 | PM | സന്ധ്യാരാധന |
| 8 | ശനി | 8.00 | AM | ഡിസ്ട്രിക്ട് യുവജന സംഘടന കലാമത്സരം |
| 9 | ഞായർ | 8.00 | AM | വിശുദ്ധ ആരാധന |
| | | 11.30 | AM | ചർച്ച് കമ്മിറ്റി |
| | | 6.30 | PM | ഡിസ്ട്രിക്ട് സ്വമേധാ സുവിശേഷ യോഗം |
| 11 | ചൊവ്വ | 9.30 | AM | സീനിയർ സിറ്റിസൺസ് ഫെല്ലോഷിപ്പ് |
| 13 | വ്യാഴം | 7.00 | PM | സന്ധ്യാരാധന |
| 14 | വെള്ളി | | | മഹായിടവക കൗൺസിൽ |
| 15 | ശനി | 9.30 | AM | **ഉപവാസ ആരാധന** |
| | | | | ഡിസ്ട്രിക്ട് സ്ത്രീജനസഖ്യ ധ്യാനയോഗം |
| 16 | ഞായർ | 8.00 | AM | വിശുദ്ധ ആരാധന |
| | | 11.30 | AM | പുവർഫണ്ട്/പാലിയേറ്റിവ്കെയർ കമ്മിറ്റി |
| | | 6.30 | PM | ഭവനാരാധന |
| 20 | വ്യാഴം | 7.00 | PM | സന്ധ്യാരാധന |
| 23 | ഞായർ | 7.00 | AM | ഇംഗ്ലീഷ് ആരാധന |
| | | 8.00 | AM | വിശുദ്ധ ആരാധന |
| | | 11.30 | AM | ചർച്ച്ന്യൂസ് എഡിറ്റോറിയൽ കമ്മിറ്റി |
| | | 6.30 | PM | ഭവനാരാധന |
| 27 | വ്യാഴം | 7.00 | PM | സന്ധ്യാരാധന |
| 30 | ഞായർ | 8.00 | AM | വിശുദ്ധ ആരാധന- **പുവർഫണ്ട് കവർ സമർപ്പണ ദിനം** |
| | | 6.30 | PM | ഭവനാരാധന |

BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTHDAY WISHES BIRTH

# ജന്മദിനാശംസകൾ

സർവ്വശ്രീ. **August**

| | |
|---|---|
| ജാവർട്ട് ജീവൽസൻ - തൃപ്തി | 1 |
| ആശ - ചാമവിള | 1 |
| ലിജോദാസ് - ലിജോഭവൻ | 1 |
| സുനിത എസ്. - വിജയ ഭവൻ | 1 |
| റസ്സാലം - കരിയംകോട് | 2 |
| ഷാജൻ - ആലമുക്ക് | 2 |
| രജിത - പാറപൊറ്റ | 4 |
| അനികുട്ടൻ - കരിച്ചാറവിള | 5 |
| ദർശനജോസ് - ദർശന | 5 |
| ഫേബാദാസ് - കുഴലാർ | 5 |
| ബിനു - പുലിയൂർകോണം | 5 |
| ഷിബിന - പുലിയൂർകോണം | 5 |
| സെൽവരാജ് - പാറപ്പൊറ്റ | 6 |
| ജോബി വി. - പി.കെ. നിവാസ് | 6 |
| ഡോ.പ്രകാശ് ജി. വില്യം - ദീപം | 6 |
| ഏദൻ - പാലേലി | 6 |
| അനഘ എ.എസ്. - തേരിവിള | 6 |
| മേരി - കുഴലാർ | 7 |
| ജയകുമാർ. ഡബ്ല്യൂ. - ജയഭവൻ | 7 |
| അജിവിനോദ് - ബഥനി | 7 |
| സുശീല - ലാൽഭവൻ | 7 |
| നിൻസി ബ്രൈറ്റ് - ലിസ്ബത്ത് | 7 |
| ഡെയ്സി എ.എസ്. - ലാൽഭവൻ | 8 |
| സ്റ്റീഫൻസൻ സി. - അരുവിമുഖം | 9 |
| രമേഷ്കുമാർ - സുരേഷ് കോട്ടേജ് | 9 |
| ശകുന്തള ആർ. - ചാമവിള | 9 |
| ലില്ലി ആർ. - പൂഞ്ഞാംകോട് | 9 |
| വിൽസമ്മ - ലിറ്റിൽഭവൻ | 9 |
| ജായിസ് - കൊല്ലംവിളാകം | 9 |
| സരുൺ സെൽവനേശൻ - ഉഷസ് | 9 |
| അഭിനവ് - പാലേലി | 9 |
| രാജേഷ് - പ്ലാവിള | 10 |
| ഷിമി - ഷീനാഭവൻ | 10 |
| ദീപ സി.ജി. - എസ്.കെ. ഭവൻ | 11 |
| മനോജ് എ. - മനുഭവൻ | 11 |
| ഷെർളി ജെ. - കൃപാഭവൻ | 12 |
| ഷിജിൻ ജോൺ - ചരിവുവിള | 13 |
| എബിൻ - ഇ.എ. ഭവൻ | 13 |
| ഇന്ദിര - പാറപ്പൊറ്റ | 14 |
| അഞ്ചിത്ത്രാജ് - ആൻവില്ല | 14 |
| ബെറ്റ്സി മേബൽ - ഷാജിഭവൻ | 15 |
| ഗ്ലാസ്റ്റൻ ആൽബർട്ട് - പ്രദീപ് നിവാസ് | 15 |
| മനു ഡി.എസ്. - പണയിൽവീട് | 15 |
| ലീല - ബിനുഭവൻ | 15 |
| ഫ്ളോറി ജാസ്മിൻ - ലീലാകോട്ടേജ് | 15 |
| സെലിൻജോർജ് - ഇമ്മാനുവേൽവില്ല | 15 |
| മുത്തയ്യൻ Tr. - ലീലാകോട്ടേജ് | 15 |
| ജെ.എസ്. ഷാജികുമാർ - ഷാലേം | 16 |
| ഡി.ബി. ജിബിൻദാസ് - നക്രാംചിറ | 17 |
| ജിൻസി സി.ജെ. - ജിത്തുഭവൻ | 17 |
| സരോജം - മൂങ്ങോട് | 17 |
| ഷിൻസി അജിത് - ഗ്രീൻവില്ല | 17 |
| ഹൃദ്യ - ഷാജിഭവൻ | 18 |
| നന്ദ എസ്.എസ്. - ഷാലേം | 18 |
| രതീഷ് - പ്ലാവിള | 19 |
| ലിവിംഗ്സ്റ്റൻ - കുഴിവിള | 19 |
| ബേബി സരോജം - രാജേഷ്ഭവൻ | 20 |
| അനിൽകുമാർ - അനിൽഭവൻ | 20 |
| ബിൻസി എം. രാജ് - രാജ് ഭവൻ | 21 |
| ഫെമി ജോസ് - ദർശന | 21 |
| ജസ്റ്റിൻ ജാവർട്ട് ജെ. - ഏഞ്ചൽ | 21 |
| സൈമൺ - പ്രദീപ് മന്ദിരം | 21 |
| സോബിൻ - എസ്.എസ്. ഭവൻ | 21 |
| മേബൽ ഗ്ലോറി Tr. - രാജ് ഭവൻ | 21 |
| എസ്. ദാസ് - പാലേലി | 22 |
| അനീഷ് - ഷിജി ഭവൻ | 22 |
| സുബിൻദാസ് - സുജിൻനിവാസ് | 22 |
| ആൽഫിയ - ഡി.ആർ. ഭവൻ | 22 |
| ടെറിൻ ജോസ് - കുഴലാർ | 23 |
| മനു - കരിച്ചാറവിള | 23 |
| അജയകുമാർ എസ്.ആർ - കാരുണ്യ | 23 |
| എസ്.എസ്. ബിജി - കൃപാഭവൻ | 23 |
| നീനു ആർ.എസ്. - ഏബൻ ഏസർ | 23 |
| അരുണപ്രദീപം - പ്രദീപ് നിവാസ് | 23 |
| ജിപിൻ കെ.ജി. - കെ.ജി. ഭവൻ | 23 |
| ടോണിമ - പുതുവക്കൽ | 23 |
| സുലോചന - ബി.ആർ. ഭവൻ | 24 |
| രജിത് എസ്. - കിള്ളി | 25 |
| സിനിരാജ് - സാംഭവൻ | 25 |
| ഷിജോ - ഷൈൻസ് ഗാർഡൻ | 26 |
| വിജയമ്മ - കൊല്ലംവിളാകം | 26 |
| സൈറസ് റ്റി. - പാരഡൈസ് | 27 |
| റോബർട്ട് - ജ്ഞാനഭവൻ | 27 |
| ബഷീബ പ്രശാന്ത് - ദീപം | 27 |
| ആര്യ സാവിയോ - പ്രശാന്ത് | 27 |
| ജെസ്ലെറ്റ് - ധന്യ | 28 |
| ഡിക്സൻരാജ് Tr. - ആരാമം | 28 |
| റസ്സലമ്മാൾ Tr. - കൊച്ചുബഥേൽ | 28 |
| N.S.രാജം Tr. - എസ്.ആർ.ഭവൻ | 28 |
| ലിജ - ചിഞ്ചുഭവൻ | 28 |
| വിമല - പാറപൊറ്റ | 28 |
| അപർണ്ണ - കുഴലാർ | 28 |
| ആൽബി റസ്സൽ - ചാമവിള | 30 |
| ജയകുമാരി - കുഴിവിള | 30 |
| ലില്ലി - പുഷ്പവിലാസം | 31 |
| ശാലുമോൾ - വാനറത്തല | 31 |

# സണ്ടേസ്കൂൾ – ഡിസ്ട്രിക്ട് തല കലാമത്സര വിജയികൾ

**ശിശുവകുപ്പ് ലളിതഗാനം (ആൺ)**
1. മിലൻ ആർ. ബിനു*

**ശിശുവകുപ്പ് ലളിതഗാനം (പെൺ)**
1. റോഷ്ന.എസ്.എ*

**ശിശുവകുപ്പ് അഭിനയഗാനം (ആൺ)**
1. മിലൻ ആർ. ബിനു*

**ശിശുവകുപ്പ് അഭിനയഗാനം (പെൺ)**
2. റോഷ്ന.എസ്.എ*

**ബാലവകുപ്പ് സോളോ (ആൺ)**
1. റിജോ.എസ്.ജെ*

**ബാലവകുപ്പ് സോളോ (പെൺ)**
1. നവിത.എസ്.ബി* 2. ആഷ്ന എസ്.ഷൈൻ*

**ബാലവകുപ്പ് അഭിനയഗാനം (ആൺ)**
1. റിജോ.എസ്.ജെ*

**ജൂനിയർ സോളോ (ആൺ)**
1. രോഹിത്.എസ്.എ* 3. അരുൺദാസ്

**ജൂനിയർ സോളോ (പെൺ)**
1.മീട്ടു.ആർ.ബിനു* 2.ഹൃദ്യ.R.ആൻസലം*

**ജൂനിയർ (ക്വിസ്)**
2.മീട്ടു.ആർ.ബിനു

**ജൂനിയർ (പ്രസംഗം)**
2.മീട്ടു.ആർ.ബിനു* 3.ഹൃദ്യ.R.ആൻസലം

**ജൂനിയർ (വാക്യം കണ്ടെത്തൽ)**
1.ഹൃദ്യ.R.ആൻസലം* 2. ആരോൻ.R.S

**ജൂനിയർ (കഥാകഥനം)**
1. അരുൺദാസ്*

**ഇന്റർ സോളോ (പെൺ)**
1. സ്നേഹാദാസ് എസ്.എസ്

**ഇന്റർ (ക്വിസ്)**
1. അഭിരാമി.എം.എം*

**ഇന്റർമീഡിയറ്റ് (പ്രസംഗം)**
1. അയന.എസ്.എസ്*

**ഇന്റർ (വാക്യം കണ്ടെത്തൽ)**
1. അഭിരാമി.എം.എം * 3. സ്നേഹാദാസ് .S.S

**സീനിയർ സോളോ (പെൺ)**
2. അനീഷ.സി.ജി*

**സീനിയർ (ക്വിസ്)**
2. ലിൻസി പുഷ്പം 3. വിനീത.ഡി.എൽ

**സീനിയർ (പ്രസംഗം)**
2. ലിൻസി പുഷ്പം

**സൂപ്പർസീനിയർ ലളിതഗാനം (പെൺ)**
2. ഫെമിജോസ്

**സൂപ്പർസീനിയർ (ക്വിസ്)**
1. പ്രവീൺരാജ്

**അഡൽറ്റ് സോളോ (ആൺ)**
1. സിനിരാജ്*

**അഡൽറ്റ് സോളോ (പെൺ)**
1. സലിത.S.ദാസ് * 2. ആൻസി.എം.രാജ്*

**അഡൽറ്റ് (ക്വിസ്)**
1. ആൻസി.എം.രാജ്*

**സൂപ്പർഅഡൽറ്റ്–1 സോളോ (ആൺ)**
1. അനു.എസ്.ജി*

**സൂപ്പർഅഡൽറ്റ്–2 സോളോ (പെൺ)**
1. സജിത.എസ്.ആർ*

**സൂപ്പർഅഡൽറ്റ്–2 സോളോ (ക്വിസ്)**
1. സജിത.എസ്.ആർ*

**സൂപ്പർഅഡൽറ്റ്–2 സോളോ (പ്രസംഗം)**
1. സജിത.എസ്.ആർ*

**അദ്ധ്യാപകർ ലളിതഗാനം (പെൺ)**
1. സുനുജോയൽ*

**അദ്ധ്യാപകർ ലളിതഗാനം (ആൺ)**
1. ബിനു..L.S* 2. ജോയൽസുധാകർ

**അദ്ധ്യാപകർ (പ്രസംഗം)**
2. സുനുജോയൽ

**സമൂഹഗാനം (ഗ്രൂപ്പ്–എ)**
1. മിലൻ ആർ. ബിനു & പാർട്ടി*

**സമൂഹഗാനം (ഗ്രൂപ്പ്–ബി)**
2. ആഷ്ന & പാർട്ടി

**സമൂഹഗാനം (ഗ്രൂപ്പ്–സി)**
1. മീട്ടു.ആർ.ബിനു & പാർട്ടി*

**സമൂഹഗാനം (ഗ്രൂപ്പ്–ഡി)**
1. സ്നേഹാദാസ്.എസ്.എസ്&പാർട്ടി

**സമൂഹഗാനം (ഗ്രൂപ്പ്–ഇ)**
1. സത്യറെജി.ജി.എസ് & പാർട്ടി*

* Students qualified for Area Competition





സത്യരെജി. ജി. എസ്

# പിശാചിന്റെ തന്ത്രങ്ങളെ തിരിച്ചറിയുക

**എഫെ. 6:10,11**

"ഒടുവിൽ കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടുവിൻ. പിശാചിന്റെ തന്ത്രങ്ങളോട് എതിർത്ത് നിൽക്കുവാൻ കഴിയേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊള്ളുവിൻ"

ഇരുളും വെളിച്ചവും ഉള്ളതുപോലെ ദൈവശക്തിയും പിശാചിന്റെ ശക്തിയും ഈ ഭൂമിയിൽ ഉണ്ട്. നന്മയുടെയും അനുഗ്രഹത്തിന്റെയും ഉറവിടമാണ് ദൈവം. എന്നാൽ തിന്മയുടെയും അസമാധാനത്തിന്റെയും ഉറവിടമാണ് സാത്താൻ. യോഹ: 10:10–ൽ യേശു പറയുന്നു; "മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല. അവർക്ക് ജീവൻ ഉണ്ടാക്കുവാനും സമൃദ്ധിയായിട്ട് ഉണ്ടാക്കുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്". ദൈവത്തിന്റെ ദൂതന്മാരിൽ അഗ്രഗണ്യനായിരുന്ന ലൂസിഫർ ദൈവത്തെക്കാളും വലിയവനാകുവാൻ ഭാവിച്ചു. അതുകൊണ്ട് ദൈവവുമായുള്ള ബന്ധം നഷ്ടപ്പെട്ട് തിന്മയുടെ ഉറവിടമായി തീർന്നു. ഇന്ന് ലോകത്തിൽ നടമാടുന്ന എല്ലാ തിന്മയും പിശാചിൽ നിന്നാണ്. ദൈവത്തിൽ അല്പംപോലും ഇരുളില്ല, എന്നാൽ പിശാച് ഇരുളാണ്.

**പിശാച് നമ്മെ കീഴ്പ്പെടുത്തുന്നത് എങ്ങനെ?**

രണ്ട് കൊമ്പും വാലുമായി പിശാച് വരും എന്ന് പറഞ്ഞാൽ അവിശ്വസനീയം. ദൈവവചനം പറയുന്നു; "നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്ന പോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റി നടക്കുന്നു" (1 പത്രോ: 5:8). പിശാചിനെ അലറുന്ന സിംഹത്തോട് ഇവിടെ താരതമ്യം ചെയ്യുന്നു. ഒരു സിംഹവും ഒരിക്കൽപോലും തന്റെ ഇരയെ പിടിക്കുവാനായി അലറി അടുക്കാറില്ല. ഒരു ഇരയെ കണ്ടാൽ സിംഹം പതുങ്ങിയിരുന്ന് കീഴ്പ്പെടുത്തും. എന്നാൽ പിടിച്ച് കഴിഞ്ഞാൽ അവൻ അലറും. ഇതുപോലെയാണ് സാത്താനും. തെറ്റായ ഒരു ചെറിയ ചിന്ത ആദ്യം നമ്മുടെ ഉള്ളിലേക്ക് പിശാച് വിതയ്ക്കുന്നു. പിശാചിനറിയാം, ആ ചിന്തകൾ വളർന്നു നമ്മെ കീഴ്പ്പെടുത്തുമെന്ന്. ആ വിത്ത് ഉള്ളിൽ വിതച്ചിട്ട് പിശാച് മാറി നിന്ന് വിശ്രമിക്കും. അത് വളർന്ന് ദേഷ്യമായി, നിരാശയായി, തെറ്റായ പ്രവൃത്തിയായി തീരുമ്പോഴേക്കും

പിശാച് നമ്മെ കീഴ്പ്പെടുത്തി കഴിഞ്ഞിരിക്കുന്നു. ലോകത്തിൽ ഏറ്റവും കൂടുതൽ ക്ഷമയുള്ളത് പിശാചിനാണ്. കാരണം തന്റെ ഇരയ്ക്കായി എത്രകാലം വേണമെങ്കിലും കാത്തിരിക്കുവാൻ അവൻ തയ്യാറാണ്. എഫെ. 6:10-ൽ പൗലോസ് അപ്പോസ്തലൻ പറയുന്നു. "പിശാചിന്റെ തന്ത്രങ്ങളെ നിങ്ങൾ അറിയാത്തവർ അല്ലല്ലോ. പിശാചിനോട് എതിർത്തു നിൽക്കേണ്ടതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കുക". എന്തെല്ലാമാണ് ഈ സർവ്വായുധങ്ങൾ? നീതി, വിശ്വാസം, പ്രത്യാശ, സ്നേഹം, രക്ഷ, പ്രാർത്ഥന, സുവിശേഷത്തിനായുള്ള ഒരുക്കം, ദൈവവചനം തുടങ്ങിയവയാണവ. നമ്മുടെ ബലഹീനത നമ്മെക്കാൾ നന്നായറിയുന്നത് പിശാചാണ്. അവൻ അവിടെയാണ് തന്റെ വിത്തു വിതയ്ക്കുന്നത്. അക്രമമുറകൾ, നിരാശ, കുറ്റബോധം, ഭയം, അക്ഷമ, അലസത, കോപം, വൈരാഗ്യചിന്ത, പരാജയഭീതി, ദുർനടപ്പ് തുടങ്ങിയ വ്യത്യസ്ത തരത്തിലുള്ള ആയുധങ്ങൾ അവൻ ധരിക്കുന്നു. ചിലപ്പോൾ സാത്താൻ ദൈവദൂതന്റെ വേഷത്തിലും നമ്മെ സമീപിക്കാം. ദൈവവചനം പറയുന്നത് പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നില്ക്കുവാനാണ്. എതിർത്തു നില്ക്കുകയെന്നാൽ അവനെ തോല്പിക്കുകയാണ്. ഒരു നായയെ നാം കണ്ടാൽ ഓടും അല്ലേ! എന്നാൽ അതിനെതിരെ ഒന്നു തിരിഞ്ഞ് നിന്നാലോ? തീർച്ചയായും നായ പിന്തിരിയും.

കൊരിന്ത്യ സഭയോട് പൗലോസ് പറയുന്നത്, "സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായി പോകുമോ എന്നു ഭയപ്പെടുന്നു" (2 കൊരി; 11:3). പിശാചിനെ ഭയക്കുന്നത് ഒഴിവാക്കി ദൈവത്തെ ഭയക്കുക. പിശാചിനോട് എതിർത്ത് നിൽക്കുവാനായി ദൈവവചനം അനുശാസിക്കുന്ന ആയുധങ്ങളും ധരിക്കുക. ഭയം ഉള്ളിൽ വരുമ്പോൾ, നിരാശ കീഴടക്കുമ്പോൾ, നമ്മെ കരം പിടിച്ച് നടത്തുന്ന ഒരു കർത്താവുണ്ടെന്ന് ഹൃദയത്തോട് വീണ്ടും പറയുക. അസാദ്ധ്യമെന്നു സാത്താൻ പറയുമ്പോൾ സാദ്ധ്യം എന്ന് വിശ്വാസത്താൽ പറയുക. സൗഖ്യമില്ലെന്ന് പിശാചു പറയുമ്പോൾ, "ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവയാകുന്നു"എന്ന വചനം ഹൃദയത്തിൽ ഏറ്റുപറയുക. ദൈവത്തിൽ ആഴമായി വിശ്വസിക്കുക. അവിടെ സാത്താൻ പരാജയപ്പെടും.

ദൈവവചനം പറയുന്നു "തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നു" (1 യോ: 4:18). ഭയം ഉണ്ടാക്കുന്നത് ദൈവമല്ല, നിങ്ങളും നിങ്ങളുടെ ചിന്തകളുമാണ്. പിശാചിന് ഹൃദയത്തിൽ ഇടംകൊടുക്കരുത് എന്ന് പൗലൊസ് അപ്പോസ്തലൻ ഓർമ്മിപ്പിക്കുന്നു. ചിന്തകളിലും, വാക്കിലും പ്രവർത്തിയിലും ഇടപാടിലും പിശാചിന് ഇടം കൊടുക്കരുത്. യേശുവിൽ വിശ്വസിച്ച് യേശുവിനായി ജീവിക്കുന്ന ഒരു വ്യക്തിയുടെ ജീവിതത്തിലോ ഭവനത്തിലോ പിശാചിന് സ്ഥാനം ഇല്ല. അവന് ഒന്നും ചെയ്യാൻ കഴിയില്ല. പക്ഷേ അവന് സ്ഥാനം കൊടുത്താലോ, അവൻ പലതും ചെയ്യും.

ദൈവം എന്റെ പിതാവാണ്. ആ ദൈവം എന്റെ സംരക്ഷകനും അഭയവുമാണ് എന്ന ബോദ്ധ്യം നമുക്ക് ബലം പകരും. അതുകൊണ്ടാണ് ദാവീദ് പറയുന്നത് യഹോവ എന്റെ ബലവും, കോട്ടയും പരിചയും, രക്ഷകനും ആണ്. എഫെ. 6:10 മുതൽ വായിക്കുമ്പോൾ പലവിധ ആയുധങ്ങളെക്കുറിച്ച് അവിടെ പ്രതിപാദിക്കുന്നുണ്ട്. അവയിൽ ഒന്നു പോലും വിശ്വാസിയിൽ കുറഞ്ഞിരിക്കരുത്. സർവ്വായുധവർഗ്ഗം ധരിച്ചാൽ പിന്നെ പിശാചിന് നിന്നെ ഒന്ന് തൊടുവാൻ പോലും കഴിയുകയില്ല. ○

Best Wishes

സ്റ്റീഫൻസൻ & ഫാമിലി
ജോസ്ഭവൻ, നെടുവത്താൻകുഴി

## ബാലജനസഖ്യം – സഭാതല കലാമത്സര വിജയികൾ

### സബ്ജൂനിയർ

**ലളിതഗാനം (ആൺ)**
1. മിലൻ ആർ. ബിനു 2. റിജോ.എസ്.എസ്

**ലളിതഗാനം (പെൺ)**
1. ആഷ്ന.എസ്.ഷൈൻ 2.ലിൻസിഅജിത്

**അഭിനയഗാനം (ആൺ)**
1. മിലൻ ആർ. ബിനു 2. റിജോ.എസ്.എസ്

**അഭിനയഗാനം (പെൺ)**
1. ആഷ്ന.എസ്.ഷൈൻ 2.അബിഷ.എസ്.ജി

**സങ്കീർത്തന പാരായണം**
1. ലിൻസിഅജിത് 2.മിലൻ.ആർ.ബിനു

### ജൂനിയർ

**ലളിതഗാനം (ആൺ)**
1. എവിൻ 2. അരുൺദാസ്

**ലളിതഗാനം (പെൺ)**
1.ഹൃദ്യ.ആർ.ആൻസലം 2.ഹർഷ.ആർ.ആൻസലം

**മോണോആക്ട്**
1. മീട്ടു.ആർ.ബിനു

**ബൈബിൾ ക്വിസ്**
1.മീട്ടു.ആർ.ബിനു 2.അരുൺദാസ്

**ചിത്രരചന**
1. അബിജിത്ത് 2. എവിൻ.ജെ.എസ്

**കാർട്ടൂൺ**
1.അബിജിത്ത് 2. എവിൻ.ജെ.എസ്

**പെയിന്റിംഗ്**
1. എവിൻ 2. അരുൺദാസ്

**ലളിതഗാനം (പെൺ)**
1. എവിൻ.ജെ.എസ് 2. സ്നേഹാതോമസ്

### സീനിയർ

**ലളിതഗാനം (പെൺ)**
1. സ്നേഹാദാസ് 2. ഷിൻസി അജിത്

**കഥാപ്രസംഗം**
1. സ്നേഹാദാസ്

**ബൈബിൾ ക്വിസ്**
1. സ്നേഹാദാസ് 2. ഷിൻസി അജിത്

**ചിത്രരചന**
1. ബിൻസി അജിത്ത് 2. അജിത്ത്

**കാർട്ടൂൺ**
1. ഷിൻസി അജിത് 2. ബിൻസി അജിത്ത്

## പുവർഫണ്ട് മാസാചരണം

പുവർഫണ്ട് മാസാചരണം ആഗസ്റ്റ് 23 മുതൽ നടത്തുന്നു. ആഗസ്റ്റ് 30 ഞായറാഴ്ചയാണ് കവർ സമർപ്പണദിനം. കവർ കളക്ഷനിലൂടെ ലഭിക്കുന്ന തുക സാധുഭവന മെയിന്റനൻസിനായി ഉപയോഗിക്കുന്നതാണ്. ധനസഹായം സെപ്റ്റംബർ 20 ഞായർ ആരാധനയിൽ വിതരണം ചെയ്യുന്നു. ഈ ധനസമാഹരണത്തിൽ എല്ലാ സഭാജനങ്ങളും സഹകരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

## ബാലപ്രതിഭാക്യാമ്പ്

ഡിസ്ട്രിക്ട് സണ്ടേസ്കൂൾ യൂണിയൻ സംഘടിപ്പിക്കുന്ന ബാലപ്രതിഭാ ക്യാമ്പ് ആഗസ്റ്റ് 13, 14, 15 തീയതികളിൽ കാട്ടാക്കട.സി.എസ്.ഐ ഇടവകയിൽ വെച്ച് നടത്തുന്നു. സീനിയർ ഗ്രേഡ് വരെയുള്ള വിദ്യാർത്ഥികൾക്ക് ഇതിൽ പങ്കെടുക്കാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ് : 300 രൂപ.

# പൊതുവിജ്ഞാനം

ബിനു. ജി. ആർ

## നൂറ്റാണ്ടിന്റെ പ്രതിഭകൾ – 16



### എ. പി. ജെ. അബ്ദുൾകലാം
(1931 – 2015)

- 1931 ഒക്ടോബർ 15-ന് തമിഴ്നാട്ടിലെ രാമേശ്വരത്ത് ജനനം.
- യഥാർത്ഥപേര് അവുൽ പക്കീർ ജൈനുല്ലബ്ദീൻ അബ്ദുൾകലാം.
- ഇന്ത്യയുടെ 11-ാമത് രാഷ്ട്രപതി (2002-07).
- 'ജനങ്ങളുടെ രാഷ്ട്രപതി' എന്ന പേരിൽ അറിയപ്പെട്ടു.
- 'മിസൈൽ മനുഷ്യൻ' മറ്റൊരുപേര്.
- ഭാരതരത്ന ലഭിച്ച മൂന്നാമത്തെ രാഷ്ട്രപതി.
- രാഷ്ട്രപതി സ്ഥാനത്തെത്തുന്ന ആദ്യ ശാസ്ത്രജ്ഞൻ.
- അഗ്നി, പൃഥ്വി മിസൈലുകളുടെ ഉപജ്ഞാതാവ്.
- നിയമസഭാ തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തിയ ആദ്യ രാഷ്ട്രപതി.
- അവിവാഹിതനായ ആദ്യ ഇന്ത്യൻ രാഷ്ട്രപതി.
- 1981-പത്മഭൂഷൺ,1990-പത്മവിഭൂഷൺ, 1997-ഭാരതരത്നം, 1994-ആര്യഭട്ട പുരസ്കാരം.
- യുദ്ധവിമാനത്തിലും അന്തർവാഹിനിയിലും യാത്ര ചെയ്ത ആദ്യത്തെ ഇന്ത്യൻ രാഷ്ട്രപതി.
- കോൺഗ്രസും, ബി.ജെ.പിയും ഒരുപോലെ പിന്തുണച്ച രാഷ്ട്രപതി.
- രാഷ്ട്രീയക്കാരനല്ലാത്ത രണ്ടാമത്തെ രാഷ്ട്രപതി
- ഇന്ത്യയുടെ പരിസ്ഥിതി അംബാസഡർ.
- ഹൂവർ പുരസ്ക്കാരം നേടിയ ആദ്യ ഏഷ്യാക്കാരൻ.
- ഏറ്റവും കൂടുതൽ ഓണററി ഡോക്ടറേറ്റുകൾ ലഭിച്ച ഇന്ത്യൻ പ്രസിഡന്റ്.
- ആത്മകഥ: വിംഗ്സ് ഓഫ് ഫയർ (അഗ്നി ചിറകുകൾ)
- മരണം 2015 ജൂലൈ 27, ഷില്ലോങ്ങിൽ

## കാത്തിരിക്കുന്ന അവസരങ്ങൾ

○ വനിതാ പോലീസ് കോൺസ്റ്റബിൾ
Category No: 198/2015, യോഗ്യത: SSLC

○ ജൂനിയർ അസിസ്റ്റന്റ് (കേരള സിറാമിക്സ് ലിമിറ്റഡ്)
Category No: 194/2015, യോഗ്യത: ബിരുദം

Last date: 19-8-2015

○ കമ്പയിൻഡ് ഡിഫെൻസ് സർവ്വീസസ് പരീക്ഷ
Exam Notice No. 12/2015-CDS-11, Last date: ആഗസ്റ്റ് 14, ഒഴിവ്-463

## വാർഡ് കൺവെൻഷൻ





## വേർപാടിന്റെ 7-ാം വർഷം

13.08.2015



### മേരിക്കുട്ടിസൈറസ്

പാരഡൈസ്,ചൂണ്ടുപലക ജംഗ്ഷൻ

സി.എസ്.ഐ കാട്ടാക്കട

ഒരിക്കലും മറക്കാനാകാത്ത അനുഭവങ്ങൾ
നൽകി നിത്യതയിലേയ്ക്ക് ചേർക്കപ്പെട്ടു.

കുടുംബാംഗങ്ങൾ

## സ്മരണാഞ്ജലി



**D.സാംസൺ ടീച്ചർ**

ഗ്ലോറിഭവൻ

ജനനം: 20.11.1931

മരണം: 17.7.1990



**ധർമ്മദാസ്.ബി**

കുഴലാർ

ജനനം: 18.11.1930

മരണം: 12.8.2001

# 1-ാം വിവാഹവാർഷികം
(28.08.2015)

രാജു & സലിത
ലിറ്റിൽഭവൻ,
കട്ടയ്ക്കോട്



## സി.ഇ.വൈ.എഫ് ഭവനനിർമ്മാണം







കാട്ടാക്കട ഏര്യാ സി.ഇ.വൈ.എഫ് ക്രിക്കറ്റ് മത്സരവിജയികൾ



C.S. Offset, Kattakada Ph:0471-2290534